29
2025
മേയ്
വ്യാഴം
ഇടവം 15

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.150 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-150 പേജ് 4. വില 2.00 രൂപ




02 മലയാളഭാഷാ നെറ്റ്‌വർക്ക് യാഥാർഥ്യമായി: മന്ത്രി ഡോ. ആർ ബിന്ദു

03 സ്പേസ് എക്സ് സ്റ്റാർഷിപ്പിന്റെ ഒമ്പതാം വിക്ഷേപണവും പരാജയം

04 സുസ്ഥിര വികസനത്തിന് ഡാറ്റാ വിശകലനം പ്രധാനം : മന്ത്രി

# കടലിലെ എണ്ണപ്പാട; ആശങ്കയിൽ തീരദേശം

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം : അറബിക്കടലിൽ ലൈബീരിയൻ ചരക്കു കപ്പൽ എംഎസ്സി എൽസ 3 മുങ്ങിയതിനെ തുടർന്നുണ്ടായ എണ്ണപ്പാട നീക്കാനുള്ള ദൗത്യം പുരോഗമിക്കുകയാണ്. ആദ്യം വ്യാപിച്ച 2 നോട്ടിക്കൽ മൈൽ (3.7 കിലോമീറ്റർ) ചുറ്റളവിൽ മാത്രം എണ്ണപ്പാട ഒതുക്കി നിർത്താനും തീരത്തേക്കു വ്യാപിക്കുന്നത് ഒഴിവാക്കാനുമുള്ള ശ്രമം നടക്കുന്നുണ്ട്. എന്നാൽ, കനത്ത മഴയും ശക്തമായ കാറ്റും മൂലം കടൽ പ്രക്ഷുബ്ധമായത് തിരിച്ചടിയാകുന്നുണ്ട്



ഉപരിതല മത്സ്യമായ മത്തിയുടെ വംശനാശത്തിന് കാരണമാകുമെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. കടലിൽ പരന്ന ഇന്ധനം പൂർണമായി മാറ്റിയാൽ ത്തന്നെ മത്സ്യങ്ങളിൽ ഇതിന്റെ സാന്നിധ്യം ഭയന്ന് ആളുകൾ വാങ്ങാൻ മടിക്കുമോ എന്ന ആശങ്ക ഈ രംഗത്തെ ചില തൊഴിലാളി സംഘടനകൾ തന്നെ പങ്കുവയ്ക്കുന്നു. കൊച്ചി തീരത്ത് മുങ്ങിയ കപ്പലിൽ നിന്നുള്ള എണ്ണപ്പാട ഒഴുകിപ്പരക്കുന്നത് മത്സ്യത്തൊഴിലാളി മേഖലയെ കടുത്ത ആശങ്കയിലാക്കുന്നു. ഇതിന്റെ പ്രത്യാഘാതം കടലിൽ ദീർഘനാൾ നീണ്ടുനിൽക്കുമെന്നും മത്സ്യസമ്പത്തിന് വൻ നാശമുണ്ടാക്കുമെന്നുമുള്ള റിപ്പോർട്ടുകൾ മേഖലയിൽ ഭീതി പരത്തിയിട്ടുണ്ട്.

മുങ്ങിയ കപ്പൽ ഉയർത്തിയെടുക്കുക അതി ദുഷ്കരവും കോടികൾ ചെലവ് വരുന്നതുമാണെന്നാണ് വിദഗ്ധാഭിപ്രായം. കപ്പൽ കമ്പനി അതിന് തയ്യാറാവുമോ എന്നതിൽ ഉറപ്പുമില്ല. കപ്പൽ ദീർഘകാലം കടലിൽക്കിടന്ന് ദ്രവിക്കുന്നതും വലിയ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കും. അതും മത്സ്യ വംശത്തിന് വെല്ലുവിളിയാണ്. അതിനാൽ, ഇക്കാര്യത്തിലും അടിയന്തര നടപടിയുണ്ടാകണമെന്നാണ് വിവിധ മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യം. മുങ്ങിയ കപ്പലിനും കടലിൽ നഷ്ടപ്പെട്ട കണ്ടെയ്നറുകൾക്കും ഇൻഷൂറൻസ് കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം കിട്ടുമെന്നും ഇതുമായി ഒരു വിധത്തിലും ബന്ധമില്ലാത്ത മത്സ്യത്തൊഴിലാളികളാണ് തുടർന്നുള്ള പാപഭാരം അനുഭവിക്കേണ്ടി വരികയെന്നും അവർ പറയുന്നു.

കടലിലെ കണക്കില്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആധിക്യമുയർത്തുന്ന വെല്ലുവിളിയടക്കം മത്സ്യ വംശത്തിന് നാശമുണ്ടാക്കുന്ന ഘടകങ്ങൾ വർധിക്കുന്നതിനിടെയാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾ. ചൂട് കനത്തതോടെ കടൽ കരിഞ്ഞതും മേഖലയെ വലച്ചു. ഇവയെല്ലാം നേരിട്ട് ബാധിക്കുന്നത് ലക്ഷക്കണക്കായ മത്സ്യത്തൊഴിലാളികളെയാണ്. എണ്ണപ്പാട തീരദേശത്ത് എവിടെയും ഒഴുകിയെത്താം എന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നുണ്ട്.

കപ്പൽ മുങ്ങിയ സ്ഥലത്തിന്റെ 20 കിലോമീറ്റർ ചുറ്റളവിൽ മത്സ്യബന്ധനം നിരോധിച്ചിരിക്കുകയാണ്. മോശം കാലാവസ്ഥയായതിനാൽ കടലിൽ പോകരുതെന്ന നിർദേശവുമുണ്ട്.

അതേസമയം, കപ്പൽ അപകടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ചിലയിടത്ത് പ്ലാസ്റ്റിക് അടിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സിവിൽ ഡിഫൻസിന്റെ സേവനം ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക് നീക്കം ചെയ്യാൻ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലാ കളക്ടർമാരുടെ അടിയന്തര യോഗം വിളിച്ചു. എത്രയും പെട്ടെന്ന് തന്നെ പ്രശ്നത്തിന് പരിഹാരം കാണാനും മുഖ്യമന്ത്രി നിർദേശിച്ചു. ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്നും മാലിന്യം നീക്കി തീരം പൂർവസ്ഥിതിയിലാക്കാൻ പെട്ടെന്ന് സാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# കടലിൽ നിന്നുള്ള മത്സ്യം കഴിക്കാം, ആശങ്കപ്പെടേണ്ട സാഹചര്യമില്ല: മന്ത്രി സജി ചെറിയാൻ

## ജൂൺ 9 മുതൽ ജൂലൈ 31 വരെ ട്രോളിംഗ് നിരോധനം

കേരളതീരത്ത് കപ്പൽ മുങ്ങിയതുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകളിൽ ഏറെയും അടിസ്ഥാനരഹിതമാണെന്നും നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല, ജാഗ്രത മതിയെന്നും ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ട്രോൾ നിരോധനത്തെക്കുറിച്ച് അറിയിക്കുന്നതിനുമായി വിളിച്ചുചേർത്ത യോഗത്തിലായിരുന്നു മന്ത്രിയുടെ പ്രതികരണം.

വിഷാംശമുള്ള മാലിന്യങ്ങളാണ് കടൽത്തീരത്ത് അടിഞ്ഞതെന്ന തരത്തിലാണ് വാർത്തകൾ പ്രചരിക്കുന്നത്. എന്നാൽ അപകടകരമായ സാഹചര്യം എവിടെയും റിപ്പോർട്ട് ചെയ്തിട്ടില്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി തീരഭാഗങ്ങളിൽ നിന്നുള്ള മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

നിലവിലെ ഭീതി ഒഴിവാക്കുന്നതിനായി ക്യാമ്പയിൻ സംഘടിപ്പിക്കാനും തീരുമാനിച്ചു. മത്സ്യവിപണിയെ ഊർജിതപ്പെടുത്തുന്നതിനായി മത്സ്യസദ്യ പോലുള്ള ഫെസ്റ്റുകൾ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും യുവജന സംഘടനകളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കും. നിലവിൽ 20 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം നിരോധിച്ചിരിക്കുകയാണ്. ഈ നിയന്ത്രണം മാറ്റി കപ്പൽ മുങ്ങിയ ഭാഗത്ത് മാത്രമായി മത്സ്യ നിരോധനം ചുരുക്കുന്ന കാര്യവും പരിശോധിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

മത്സ്യത്തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ വേണ്ട നടപടികളും കൈക്കൊള്ളും. അതിന്റെ ഭാഗമായി കേന്ദ്രവുമായി സംസാരിച്ചിട്ടുണ്ടെന്നും അനുകൂലമായ മറുപടിയാണ് ലഭിച്ചിരിക്കുന്നതെന്നും കാര്യങ്ങളെല്ലാം വിശദീകരിച്ച് കേന്ദ്രത്തിന് ഉടൻ കത്ത് നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

കപ്പൽ അപകടവുമായി ബന്ധപ്പെട്ടുണ്ടായ മാലിന്യ നീക്കവും അതിവേഗം പുരോഗമിക്കുകയാണ്. എല്ലാ വകുപ്പുകളുടെയും ഒന്നിച്ചുള്ള പ്രവർത്തനം നടക്കുകയാണെന്നും സംസ്ഥാന സർക്കാർ വിഷയത്തെ ഗൗരവമായി കണ്ട് കാര്യങ്ങൾ വേഗത്തിലാക്കുകയാണെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ ഫിഷറീസ് വകുപ്പ് സെക്രട്ടറി അബ്ദുൽ നാസർ, ഡയറക്ടർ സഫ്ന നസറുദ്ദീൻ, പി പി ചിത്തരഞ്ജൻ എംഎൽഎ, ട്രേഡ് യൂണിയൻ നേതാക്കൾ, കുഫോസ്, പൊലൂഷൻ കൺട്രോൾ ബോർഡ്, കോസ്റ്റ് ഗാർഡ്, മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

### ട്രോൾ നിരോധനം ജൂൺ 9 മുതൽ ജൂലൈ 31വരെ

സംസ്ഥാനത്ത് ജൂൺ ഒൻപത് അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെയുള്ള 52 ദിവസം ട്രോൾ നിരോധനം ഏർപ്പെടുത്തുകയാണെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു. അതിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ട്രോളിംഗ് നിരോധന സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിങ്ങിനുമായി 9 തീരദേശ ജില്ലകളിലായി 19 സ്വകാര്യ ബോട്ടുകൾ വാടകയ്ക്ക് എടുക്കും. കൂടാതെ വിഴിഞ്ഞം വൈപ്പിൻ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മൂന്ന് മറൈൻ ആംബുലൻസുകളും പ്രവർത്തിക്കും. കഴിഞ്ഞവർഷം നിരോധനം നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമായി ഈ വർഷവും നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

# കടലിൽ പതിച്ചത് കാൽസ്യം കാർബൈഡുള്ള 5 കണ്ടെയ്നറുകൾ, കപ്പൽ പൂർണമായി നീക്കും ഷിപ്പിങ് മന്ത്രാലയം

കൊച്ചി: അപകടത്തിൽപ്പെട്ട കപ്പലും കണ്ടെയ്നറുകളും കടലിൽനിന്ന് ഉടൻ നീക്കംചെയ്യുമെന്ന് ഷിപ്പിങ് മന്ത്രാലയം. കപ്പലിൽ 643 കണ്ടെയ്നറുകളാണ് ഉണ്ടായിരുന്നത്. ഇവയിൽ പന്ത്രണ്ട് കണ്ടെയ്നറുകളിൽ കാൽസ്യം കാർബൈഡും ഒരെണ്ണത്തിൽ റബ്ബർ രാസവസ്തുക്കളും ആണ് ഉള്ളത്. കാൽസ്യം കാർബൈഡ് അടങ്ങിയ അഞ്ച് കണ്ടെയ്നറുകളാണ് കപ്പലിൽനിന്ന് കടലിൽ പതിച്ചത്. ബാക്കിയുള്ളവ കപ്പലിൽ തന്നെ ഉള്ളതായാണ് സ്ഥിരീകരിച്ചിട്ടുള്ളതെന്നും ഷിപ്പിങ് മന്ത്രാലയം വ്യക്തമാക്കി.

കടലിൽ പതിച്ച കണ്ടെയ്നറുകൾ വീണ്ടെടുക്കാൻ സാധിച്ചിട്ടില്ല. ഈ കണ്ടെയ്നറുകൾ വീണ്ടെടുക്കുന്നതിനും കപ്പൽ അവിടെനിന്ന് മാറ്റുന്നതിനുമായി മുംബൈയിൽ നിന്നും, ആവശ്യംവന്നാൽ വിദേശത്തുനിന്നും ഏജൻസികളുടെ സഹായം തേടുമെന്നും ഷിപ്പിങ് മന്ത്രാലയം വ്യക്തമാക്കി. ജൂലൈ മാസം മൂന്നാം തീയതിക്കുള്ളിൽ കപ്പലും കണ്ടെയ്നറുകളും പൂർണമായി നീക്കാനുള്ള നടപടികൾ ആരംഭിച്ചതായും മന്ത്രാലയം അറിയിച്ചു.

643 കണ്ടെയ്നറുകളാണ് കപ്പലിൽ ഉണ്ടായിരുന്നത്. ഇതിൽ 13 എണ്ണമാണ് അപകടകാരികളായ വസ്തുക്കൾ അടങ്ങിയവ.

## കോവിഡ് കേസുകളിൽ വർധന: മാസ്ക് ധരിക്കണം, ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് കേസുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ജാഗ്രതാനിർദേശങ്ങളുമായി ആരോഗ്യവകുപ്പ്. ജലദോഷം, ചുമ, തൊണ്ടവേദന, ശ്വാസതടസം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർ നിർബന്ധമായും മാസ്ക് ധരിക്കണം.

പ്രായമായവരും ഗർഭിണികളും ഗുരുതര രോഗമുള്ളവരും പൊതു ഇടങ്ങളിലും യാത്രകളിലും മാസ്ക് ധരിക്കുന്നത് അഭികാമ്യമാണ്. സംസ്ഥാനത്ത് രോഗലക്ഷണമുള്ളവർക്ക് കോവിഡ് പരിശോധന നടത്താനും നിർദേശം നൽകിയിട്ടുണ്ട്.

അതേസമയം, സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് സംസ്ഥാനത്തെ പൊതുസാഹചര്യം വിലയിരുത്തി. വൈറസിനു വകഭേദം വന്നിട്ടുണ്ടോ എന്നറിയാനുള്ള സാംപിൾ പരിശോധന ആരംഭിച്ചിട്ടുണ്ട്.

രാജ്യത്ത് നിലവിൽ ഏറ്റവുമധികം കോവിഡ് ബാധിതരുള്ളത് കേരളത്തിലാണ്. 430 പേർക്കാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് രണ്ട് കോവിഡ് മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വിഷു ബമ്പർ ഫലം പുറത്ത്; ഒന്നാം സമ്മാനം കോഴിക്കോട് വിറ്റ ടിക്കറ്റിന്

തിരുവനന്തപുരം: കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ വിഷു ബമ്പർ നറുക്കെടുപ്പ് ഫലം പ്രഖ്യാപിച്ചു. VD 204266 എന്ന നമ്പറിനാണ് ഒന്നാം സമ്മാനം ലഭിച്ചിരിക്കുന്നത്. കോഴിക്കോട് ജില്ലയിലാണ് സമ്മാനാർഹമായ ടിക്കറ്റ് വിറ്റുപോയിരിക്കുന്നത്.

പാലക്കാടുള്ള ജസ്വന്ത് എന്ന ഏജൻറിൽ നിന്നും കോഴിക്കോടുള്ള ഏജൻറ് എടുത്ത് വിൽപ്പന നടത്തിയ ടിക്കറ്റാണിത്. 12 കോടിയാണ് സമ്മാനത്തുക.

രണ്ടാം സമ്മാനം ഒരു കോടി രൂപ വീതം ആറ് പേർക്കാണ് ലഭിക്കുക. VA 699731 VB 207068 VC 263289 VD 277650 VE 758876 VG 203046 എന്നീ നന്പറുകൾക്കാണ് രണ്ടാം സമ്മാനം.

മൂന്നാം സമ്മാനം പത്ത് ലക്ഷം വീതം ആറുപേർക്കാണ് ലഭിക്കുക. VA 223942 VB 207548 VC 518987 VD 682300 VE 825451 VG 273186 എന്നീ നന്പറുകളാണ് മൂന്നാം സമ്മാനത്തിന് അർഹമായത്. തിരുവനന്തപുരം ഗോർഖി ഭവനിൽ ഉച്ചയ്ക്ക് രണ്ടിനാണ് നറുക്കെടുപ്പ് നടന്നത്. ആറു പരമ്പരകളിലായുള്ള ടിക്കറ്റിന് 300 രൂപയാണ് വില. തിങ്കളാഴ്ച വൈകുന്നേരം നാല് വരെയുള്ള കണക്കുകൾ പ്രകാരം 42,17,380 ടിക്കറ്റുകൾ വിറ്റുപോയിട്ടുണ്ട്.

## അൻവറിനെ ഒറ്റപ്പെടുത്തണമെന്ന ചിന്ത യുഡിഎഫിൽ ആർക്കുമില്ല: കെ. സി. വേണുഗോപാൽ

തിരുവനന്തപുരം: അൻവറിനെ ഒറ്റപ്പെടുത്തണമെന്ന നിലപാട് യുഡിഎഫിൽ ആർക്കുമില്ലെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ. അൻവറിന്റെ വികാരത്തെ മാനിക്കണമെന്ന് തന്നെയാണ് കോൺഗ്രസിന്റെയും യുഡിഎഫിന്റെയും നിലപാടെന്ന് വേണുഗോപാൽ പ്രതികരിച്ചു. വിഷയത്തിൽ സംസ്ഥാന നേതൃത്വവുമായി ചർച്ച നടത്തും. കമ്മ്യൂണിക്കേഷൻ ഗ്യാപ് ഉണ്ടായതെവിടെയെന്ന് പരിശോധിച്ച് സംസാരിച്ച് തീർക്കും. സർക്കാരിനെ താഴെയിറക്കാനാണ് അൻവർ രാജി വച്ചതെന്ന കാര്യത്തെ മാനിക്കണം. ഇടതുമുന്നണിക്കെതിരേ ശക്തമായി നിലകൊള്ളുന്ന ആളാണ് അൻവർ.

അൻവർ ഉയർത്തിയ അതേ വാദമുന്നയിക്കുന്നവരാണ് തങ്ങൾ.



# വെബ്, മൊബൈൽ, എഐ, ഐഒടി സേവനദാതാക്കളായ ട്രിക്റ്റ ടെക്നോപാർക്കിൽ പുതിയ ഓഫീസ് ആരംഭിച്ചു

തിരുവനന്തപുരം: ആധുനിക വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ഇൻറർനെറ്റ് ഓഫ് തിംഗ്സ് അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ സൊല്യൂഷനുകൾ വാഗ്ദാനം ചെയ്യുന്ന പ്രമുഖ ഐടി കമ്പനിയായ ട്രിക്റ്റ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് ടെക്നോപാർക്ക് ഫേസ്-1 കാമ്പസിലെ ഗായത്രി കെട്ടിടത്തിലെ റൂഫ് ടോപ് മോഡ്യൂൾ നമ്പർ 7 (എ) ൽ പുതിയ ഓഫീസ് തുറന്നു.

ചാണ്ടി ഉമ്മൻ എംഎൽഎ ഓഫീസ് ഉദ്ഘാടനം ചെയ്തു. ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.) വിശിഷ്ടാതിഥിയായിരുന്നു.

ടെക്നോപാർക്ക് അസിസ്റ്റൻറ് മാനേജർ (മാർക്കറ്റിംഗ്) ജോർജ് ജേക്കബ്, ട്രിക്റ്റ ഡയറക്ടർമാരായ ജോമോൻ ജേക്കബ് (സിഇഒ), അനീസ് മുഹമ്മദ് ഷരീഫ് (ഡയറക്ടർ-ഓപ്പറേഷൻസ്), അരുൺ ജി ടോംസ് (സിഐഒ), ആൻറണി വിൻസെൻറ് (സിഒഒ) എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




**ടെക്നോപാർക്കിൽ ട്രിക്റ്റ ടെക്നോളജീസിൻറെ പുതിയ ഓഫീസ് ചാണ്ടി ഉമ്മൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.), ട്രിക്റ്റ ടെക്നോളജീസ് സിഇഒ ജോമോൻ ജേക്കബ്, സിഐഒ അരുൺ ജി ടോംസ് എന്നിവർ സമീപം.**

ഡിജിറ്റൽ ലോകവുമായി ബന്ധപ്പെടുന്ന സംരംഭങ്ങൾക്ക് ട്രിക്റ്റ ഒരു വലിയ അനുഭവം ആകുമെന്ന് ചാണ്ടി ഉമ്മൻ പറഞ്ഞു. സംസ്ഥാനത്തെ ഐടി രംഗത്തെ വളർച്ചയ്ക്കും തൊഴിലവസരങ്ങൾക്കും ഈ സ്ഥാപനം സഹായകമാകുമെന്നും എംഎൽഎ കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ പ്രമുഖ ടെക് ഹബായ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യങ്ങളും വിപുലമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയും ട്രിക്റ്റയുടെ വളർച്ചയ്ക്ക് ഗുണകരമാകുമെന്ന് കേണൽ സഞ്ജീവ് നായർ (റിട്ട.) അഭിപ്രായപ്പെട്ടു.

ഷാർജ മീഡിയ സിറ്റിയിലെ ഓഫീസ് വഴി ഗൾഫ് മേഖലയിലെ ഡിജിറ്റൽ ആവശ്യങ്ങൾക്ക് ട്രിക്റ്റ സേവനം നൽകുന്നുണ്ടെന്ന് ജോമോൻ ജേക്കബ് പറഞ്ഞു. 50-ഓളം സ്ഥിര ജീവനക്കാരുള്ള ആഗോള സാങ്കേതിക സംഘമായി മാറുകയാണ് ട്രിക്റ്റയുടെ അടുത്ത ലക്ഷ്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വെബ് ഡിസൈൻ, ഡെവലപ്മെൻറ് , മൊബൈൽ ആപ്പ് ഡെവലപ്മെൻറ് , ഇ-കൊമേഴ്സ് സൊല്യൂഷനുകൾ, എഐ സേവനങ്ങൾ (ചാറ്റ്ബോട്ട്സ്, റെക്കമെന്റേഷൻ എൻജിൻസ്, പ്രെഡിക്ടിവ് അനലിറ്റിക്സ്, എൻഎൽപി), ഇൻറനെറ്റ് ഓഫ് തിംഗ്സ് സേവനങ്ങൾ (സ്മാർട്ട് ഓട്ടോമേഷൻ, കണക്ടഡ് ഡിവൈസസ്, സെൻസർ ഇൻറഗ്രേഷൻ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റംസ്), ഡിജിറ്റൽ ബ്രാൻഡിംഗ്, യുഐ/യുഎക്സ് ഡിസൈൻ, ഹോസ്റ്റിംഗ് തുടങ്ങിയവയാണ് ട്രിക്റ്റയുടെ സേവനങ്ങൾ.

ട്രിക്റ്റയുടെ അന്താരാഷ്ട്ര ഓഫീസ് യുഎഇയിലെ ഷാർജ മീഡിയ സിറ്റിയിലാണ്. യുഎസ്, കാനഡ, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലാണ് ട്രിക്റ്റയുടെ പ്രധാന ക്ലയന്റുകൾ.

## മണ്ണിടിച്ചിൽ; പാൽച്ചുരത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചു

കണ്ണൂർ: കൊട്ടിയൂർ പാൽച്ചുരം - ബോയ്സ് ടൗൺ റോഡിൽ മണ്ണിടിഞ്ഞു വീണതിനെ തുടർന്ന് ഇതുവഴിയുള്ള ഗതാഗതം പൂർണമായും നിരോധിച്ചു. ചെകുത്താൻ തോടിന് സമീപത്തായാണ് ചൊവ്വാഴ്ച വൈകുന്നേരം മണ്ണിടിഞ്ഞത്. മണ്ണിടിഞ്ഞതിനെ തുടർന്ന് നെടുംപൊയിൽ പേര്യ ചുരം വഴി വാഹനങ്ങൾ തിരിച്ചുവിട്ടു. വയനാട് കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രധാന പാതയിലാണ് മണ്ണിടിഞ്ഞത്. മണ്ണിടിച്ചിൽ സമയത്ത് വാഹനങ്ങളൊന്നും വരാതിരുന്നതിനാൽ വലിയ അപകടം ഒഴിവായി.

പ്രദേശത്ത് ജെസിബി എത്തിച്ച് കല്ലുകൾ നീക്കം ചെയ്ത് വരികയാണ്. പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തി. രാവിലെ മുതൽ പ്രദേശത്ത് ശക്തമായ മഴ പെയ്തിരുന്നു.

## 13 വയസുകാരനെ കാണാതായി; പോലീസ് അന്വേഷണം ആരംഭിച്ചു

കൊച്ചി: എട്ടാംക്ലാസ് വിദ്യാർഥിയെ കാണാനില്ലെന്ന് പരാതി. കൊച്ചുകടവന്ത്ര സ്വദേശി മുഹമ്മദ് ഷിഫാനെയാണ് (14) കാണാതായത്. ചൊവ്വാഴ്ച ഉച്ചമുതലാണ് കുട്ടിയെ കാണാതായതെന്ന് വീട്ടുകാർ പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു.

ഇടപ്പള്ളിയിലെ സ്വകാര്യ സ്കൂളിലെ എട്ടാംക്ലാസ് വിദ്യാർഥിയാണ് മുഹമ്മദ് ഷിഫാൻ. അവധിയായിരുന്നുവെങ്കിലും ചില ആവശ്യങ്ങൾക്കായാണ് കുട്ടി രാവിലെ സ്കൂളിലേക്ക് പോയത്. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് എളമക്കര പോലീസ് അന്വേഷണം ആരംഭിച്ചു.

## ആദിവാസി യുവാവിന് മർദനമേറ്റ സംഭവം; പോലീസ് കേസ് രജിസ്റ്റർ ചെയ്തു

പാലക്കാട്: അട്ടപ്പാടിയിൽ ആദിവാസി യുവാവിനെ കെട്ടിയിട്ട് മർദിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. അഗളി പോലീസാണ് കേസ് രജിസ്റ്റർ ചെയ്തത്. വാഹനം തകർത്തെന്ന് ആരോപിച്ച് ചിറ്റൂർ സ്വദേശി സിജു വേണുവിനാണ് മർദനമേറ്റത്. വാഹനത്തിന്റെ ഡ്രൈവർ, ക്ലീനർ എന്നിവർക്കെതിരെ എസ്സി, എസ്ടി വിഭാഗത്തിനെതിരായ അതിക്രമം തടയൽ വകുപ്പ് പ്രകാരമാണ് കേസെടുത്തത്. സിജുവിനെ വിവസ്ത്രനാക്കി ഒരുമണിക്കൂറോളം പോസ്റ്റിൽ കെട്ടിയിട്ട് മർദിച്ചുവെന്നാണ് പരാതി. കഴിഞ്ഞ ഞായറാഴ്ചയാണ് യുവാവിനെ പിക്കപ്പ് വാനിലെത്തിയ സംഘം മർദിച്ചത്. പരിക്കേറ്റ യുവാവ് ചികിത്സയിലാണ്. മെയ് 24നായിരുന്നു സംഭവം. വാഹന ഉടമയുടെ പരാതിയിൽ അഗളി പോലീസ് സിജുവിനെതിരെ കേസെടുത്തിരുന്നെങ്കിലും സിജുവിന്റെ പരാതിയിൽ കേസെടുത്തിരുന്നില്ല.

## പ്രമുഖ പാർട്ടി സിറ്റിംഗ് സീറ്റിലേക്ക് സ്ഥാനാർഥിയെ ക്ഷണിക്കുന്നു; പരിഹാസവുമായി രാഹുൽ മാങ്കൂട്ടത്തിൽ

തിരുവനന്തപുരം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള എൽഡിഎഫ് സ്ഥാനാർഥി പ്രഖ്യാപനം വൈകുന്നതിൽ പരിഹാസവുമായി യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ. പ്രമുഖ പാർട്ടി സിറ്റിംഗ് സീറ്റിലേക്ക് സ്ഥാനാർഥിയെ അന്വേഷിക്കുന്നു. ചിഹ്നം പ്രശ്നമല്ല എന്നാണ് രാഹുൽ മാങ്കൂട്ടത്തിൽ ഫേസ്ബുക്കിൽ കുറിച്ചത്. ഒഎൽഎക്സിന്റെ ലോഗോയും പോസ്റ്റിനൊപ്പം രാഹുൽ പങ്കുവെച്ചിട്ടുണ്ട്. യുഡിഎഫ് തിങ്കളാഴ്ച ആര്യാടൻ ഷൗക്കത്തിനെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചിരുന്നു. ചൊവ്വാഴ്ച എൽഡിഎഫ് സ്ഥാനാർഥിയെ പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും പിന്നീട് മാറ്റിവയ്ക്കുകയായിരുന്നു. സ്ഥാനാർഥിയെ വെള്ളിയാഴ്ച പ്രഖ്യാപിക്കുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പറഞ്ഞതിനു പിന്നാലെയാണ് രാഹുൽ മാങ്കൂട്ടത്തിൽ പരിഹാസവുമായി രംഗത്തെത്തിയത്.

# മലയാളഭാഷാ നെറ്റ്‌വർക്ക് യാഥാർഥ്യമായി: മന്ത്രി ഡോ. ആർ ബിന്ദു

വൈജ്ഞാനിക മേഖലയിലെ മുന്നേറ്റത്തിന് ഉതകുന്ന രീതിയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ വിജ്ഞാനകോശം, സാഹിത്യ അക്കാദമി, മലയാള സർവകലാശാല എന്നീ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തി മലയാള ഭാഷ നെറ്റ്‌വർക്ക് ആരംഭിച്ചത് സന്തോഷകരമാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സർവ വിജ്ഞാനകോശം 19-ാം വാല്യത്തിന്റെയും ലഘുവിജ്ഞാന കോശങ്ങളുടെയും പ്രകാശന ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി.വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്ഥാപനങ്ങൾക്കും ഭാഷയുടെ വികാസത്തിനും ഇതേറെ സഹായകമാണ്. മലയാള സർവകലാശാലയാണ് മലയാള ഭാഷാ നെറ്റ്‌വർക്കിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നത്. പൊന്നാനിയിൽ പ്രാദേശിക കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. സപ്തഭാഷാ സംഗമഭൂമിയായ കാസർഗോഡുൾപ്പെടെ വിവിധ പ്രദേശങ്ങളിൽ ഉപ കേന്ദ്രങ്ങൾ സ്ഥാപിക്കും. മലയാള ഭാഷയ്ക്ക് സംഭാവന ചെയ്യാൻ കഴിയുന്ന എല്ലാ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന സർക്കാർ നയത്തിന്റെ ഭാഗമാണിത്. അറിവിനെ ഇല്ലാതാക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന പ്രവണതകൾ വർദ്ധിച്ചു വരുന്ന കാലത്ത് വൈജ്ഞാനിക സമൂഹം പ്രതിരോധം തീർക്കേണ്ടത് ആവശ്യമാണെന്നും മന്ത്രി പറഞ്ഞു.ചടങ്ങിൽ സർവ വിഞ്ജാന കോശം 19-ാം വാല്യത്തിന്റെ പ്രകാശനം മന്ത്രിമാരായ സജി ചെറിയാനും ഡോ. ആർ ബിന്ദുവും ഗായകൻ കെ ജി മാർക്കോസിന് നൽകി നിർവഹിച്ചു. ലഘു വിജ്ഞാന കോശങ്ങളുടെ പ്രകാശനം മന്ത്രി സജി ചെറിയാൻ ഡോ. ആർ ബിന്ദുവിന് നൽകി പ്രകാശിപ്പിച്ചു. സർവ വിജ്ഞാന കോശം ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് എഡിറ്റർ ഡോ. പി സുവർണ സ്വാഗതം ആശംസിച്ചു. ഗായകൻ കെ ജി മാർക്കോസ് ഗ്രന്ഥം സ്വീകരിച്ചു. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ സർവകലാശാല വൈസ് ചാൻസലർ ഡോ. എൽ സുഷമ,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം സത്യൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ മെമ്പർ സെക്രട്ടറി പി എസ് മനേക്ഷ്, ചലച്ചിത്ര പ്രവർത്തകൻ ബി ഉണ്ണികൃഷ്ണൻ എന്നിവർ സംബന്ധിച്ചു. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല രജിസ്ട്രാർ ഡോ. കെ എം ഭരതൻ ലഘു വിജ്ഞാന കോശങ്ങൾ പരിചയപ്പെടുത്തി. സർവ വിഞ്ജാന കോശം ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് എഡിറ്റർ ആർ അനിരുദ്ധൻ നന്ദി അറിയിച്ചു.

## ബിരുദ ഓണേഴ്സ് പ്രവേശനം: അപേക്ഷ ക്ഷണിച്ചു

ഐ എച്ച് ആർ ഡിയുടെ കീഴിൽ കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അടൂർ (04734224076, 8547005045), മാവേലിക്കര (04792304494, 0479 2341020, 8547005046,9495069307), ധനുവച്ചപുരം (04712234374,), കാർത്തികപ്പള്ളി (04792485370, 8547005018), കുണ്ടറ (04742580866, 8547005066), കലഞ്ഞൂർ (04734292350, 8547005024), പെരിശ്ശേരി (04792456499, 8547005006), കൊട്ടാരക്കര (0474242444, 8089754259) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് 2025-26 അദ്ധ്യയന വർഷത്തിൽ ബിരുദ ഓണേഴ്സ് കോഴ്സുകളിൽ, കോളേജുകൾക്ക് നേരിട്ട്അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഻഻഻.ശവൃറമറാശശൈീി.ീൃഴ വഴി ഓൺലൈനായി സമർപ്പിക്കണം. പൊതു വിഭാഗത്തിലുള്ള വിദ്യാഥികൾക്കു രജിസ്ട്രേഷൻ ഫീസ് 250 രൂപയും അധികമായി അപേക്ഷിക്കുന്ന ഓരോ കോളേജിനും 100 രൂപ എന്ന ക്രമത്തിലും അടയ്ക്കണം. (എസ്.സി/ എസ്.ടി വിഭാഗത്തിന് രജിസ്ട്രേഷൻ ഫീസ് 100 രൂപയും അധികമായി അപേക്ഷിക്കുന്ന ഓരോ കോളേജിനും 50 രൂപയും). അപേക്ഷ ഓൺലൈനായി ടആക ഇീഹഹലരേ മുഖേന ഫീസ് ഒടുക്കി സമർപ്പിക്കാം. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനത്തിന് തിരഞ്ഞെടുക്കുന്ന കോളേജിൽ അഡ്മിഷൻ സമയത്തു ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.ihrd.ac.in.

# ആയുർവേദ, ഹോമിയോ മേഖലകളിലുണ്ടായത് സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ മുന്നേറ്റം: മന്ത്രി വീണാ ജോർജ്

### 100 ആയുഷ് സ്ഥാപനങ്ങൾക്ക് കൂടി എൻഎബിഎച്ച് അംഗീകാരം

സംസ്ഥാനത്ത് ആയുർവേദ, ഹോമിയോ മേഖലയിലുണ്ടായത് സംസ്ഥാന ചരിത്രത്തിലെ വലിയ മുന്നേറ്റമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുഷ് മേഖലയുടെ പുരോഗതിയ്ക്കായി ഈ സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. ആയുഷ് മേഖലയിൽ 2021ൽ അനുവദിച്ചിരുന്നത് 24 കോടി രൂപ മാത്രമായിരുന്നത് 2025ൽ 207 കോടി രൂപയായി വർധിപ്പിക്കാനായി. ബജറ്റ് വിഹിതത്തിലും വലിയ വർദ്ധനവ് വരുത്തി. എല്ലാ പഞ്ചായത്തുകളിലും ആയുഷ് ഡിസ്പെൻസറികളുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ 2024 ൽ കഴിഞ്ഞു. കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ റിസർച്ച് സെന്റർ സെപ്റ്റംബർ മാസത്തോടെ യാഥാർത്ഥ്യമാകും. ആധുനിക സാങ്കേതികവിദ്യയോടെ ആയുർവേദ ചികിത്സയുടേയും ഗവേഷണത്തിന്റെയും വലിയ കേന്ദ്രമായി ഇത് മാറുമെന്നും മന്ത്രി വ്യക്തമാക്കി. 100 ആയുഷ് സ്ഥാപനങ്ങളുടെ എൻഎബിഎച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ എല്ലാ ആയുഷ് സ്ഥാപനങ്ങളേയും ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ 150 ആയുഷ് സ്ഥാപനങ്ങൾക്കും ഇപ്പോൾ 100 ആയുഷ് സ്ഥാപനങ്ങൾക്കുമാണ് എൻഎബിഎച്ച് അംഗീകാരം ലഭിച്ചത്. രണ്ടു വർഷം മുമ്പാണ് സംസ്ഥാനത്തെ ആയുഷ് സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചത്. ഏറ്റെടുത്ത ദൗത്യം വളരെ വേഗം ലക്ഷ്യസ്ഥാനത്തേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. കൃത്യമായ മാനദണ്ഡങ്ങൾ ഉൾപ്പെടെ തയ്യാറാക്കി അതനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചാണ് കേരളം ഈ ലക്ഷ്യത്തിലെത്തിയത്.

ആരോഗ്യ മേഖലയിൽ പതിറ്റാണ്ടുകളായി നടത്തിയ മികച്ച പ്രവർത്തനങ്ങളുടെ ഫലമായി രാജ്യത്തെ ഏറ്റവും കുറഞ്ഞ മാതൃശിശു മരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും ഉയർന്ന ആയുർദൈർഘ്യമുള്ള സംസ്ഥാനം കൂടിയാണ്. അതിനാൽ ഗുണനിലവാരമുള്ള ജീവിതം ഉറപ്പാക്കുകയാണ് പ്രധാനം. രോഗ പ്രതിരോധത്തിൽ ഉൾപ്പെടെ ആയുഷ് മേഖലയുടെ പങ്ക് വളരെ വലുതാണ്.

ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. കാൻസർ പ്രതിരോധത്തിന് ആരോഗ്യം ആനന്ദം അകറ്റാം അർബുദം എന്ന പേരിൽ ആരോഗ്യ വകുപ്പ് പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. ഒരു മാസം കൊണ്ട് 15 ലക്ഷത്തിലധികം പേരുടെ കാൻസർ സ്ക്രീനിംഗ് നടത്താനായി. ഇതിലൂടെ കുറേപേരിൽ മറഞ്ഞിരുന്ന കാൻസർ കണ്ടെത്താനും ചികിത്സിക്കാനുമായി.

രോഗങ്ങൾ കൃത്യമായി കണ്ടുപിടിക്കുന്നു എന്നതാണ് കേരളത്തിന്റെ പ്രത്യേകത. ലോകത്ത് തന്നെ 95 ശതമാനത്തോളം മരണ നിരക്കുള്ള അമീബിക് മസ്തിഷ്ക ജ്വരം രോഗത്തിന്റെ മരണനിരക്ക് 25 ശതമാനമാക്കി കുറയ്ക്കാൻ കേരളത്തിനായെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ ഡി സജിത് ബാബു, കേന്ദ്ര ആയുഷ് മന്ത്രാലയം ജോയിന്റ് സെക്രട്ടറി കവിത ഗാർഗ്, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എ രഘു, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ. കെ എസ് പ്രിയ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എംപി ബീന, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടിഡി ശ്രീകുമാർ, ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആന്റ് കൺട്രോളിങ് ഓഫീസർ ഡോ. ടി കെ വിജയൻ, ഹോംകോ എംഡി ഡോ. ശോഭ ചന്ദ്രൻ, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ഡോ. ജയ വിദേവ്, ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. സജി പി ആർ, ഡോ. ആർ ജയനാരായണൻ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ അസി. ഡയറക്ടർ അരുൺകുമാർ സിംഗ് എന്നിവർ പങ്കെടുത്തു.

# അൻവർ യുഡിഎഫിൽ വേണം, അക്കാര്യം സതീശൻ ഒറ്റയ്ക്ക് തീരുമാനിക്കേണ്ട: കെ. സുധാകരൻ

കണ്ണൂർ: പി. വി. അൻവറിന് പിന്തുണയുമായി കെ. സുധാകരൻ. അൻവറിന്റെ വോട്ട് നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ നിർണായകമാകുമെന്ന് സുധാകരൻ പ്രതികരിച്ചു. കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു സുധാകരൻ. അൻവറിനെ കൂടെ നിർത്തിയില്ലെങ്കിൽ തിരിച്ചടിയുണ്ടാകും. അൻവർ യുഡിഎഫിൽ വരണമെന്നാണ് തന്റെ വ്യക്തിപരമായ ആഗ്രഹം. അൻവർ വിഷയത്തിൽ വി. ഡി. സതീശൻ ഒറ്റയ്ക്ക് തീരുമാനമെടുക്കേണ്ടെന്നും ചർച്ചകൾ തുടരുകയാണെന്നും സുധാകരൻ തുറന്നടിച്ചു. അൻവറിന്റെ പാർട്ടിയെ ഘടകകക്ഷിയാക്കുന്നത് പ്രതിപക്ഷ നേതാവ് മാത്രം തീരുമാനമെടുക്കേണ്ട കാര്യമല്ല. മുസ്ലിം ലീഗിന് അൻവറിനെ കൊണ്ടുവരുന്നതിൽ താൽപര്യമുണ്ട്. അൻവർ മുന്നണിയിൽ വന്നിട്ട് എതിരഭിപ്രായം പറയാൻ പറ്റില്ല. ഭാവിയിൽ യുഡിഎഫിന് അൻവർ ബാധ്യതയാകുമെന്ന് തോന്നുന്നില്ലെന്നും സുധാകരൻ പറഞ്ഞു. അൻവർ യുഡിഎഫ് സ്ഥാനാർഥിയെ അംഗീകരിക്കാൻ തയാറാകണമെന്നും കെ. സുധാകരൻ പറഞ്ഞു.

ഷൗക്കത്തിനെതിരായ പരാമർശങ്ങൾ ശരിയായില്ല. അൻവർ സ്വയം തിരുത്തണം. നിലമ്പൂരിൽ അൻവർ നിർണായക ശക്തിയാണെന്നാണ് തന്റെ വിശ്വാസം. യുഡിഎഫിൽ ചേരാൻ അൻവറിനോട് ആരും അങ്ങോട്ട് പോയി ആവശ്യപ്പെട്ടിട്ടില്ല. അൻവർ സ്വയം വന്നതാണ്. അൻവറിന്റെ കൈയിലുള്ള വോട്ട് കിട്ടിയില്ലെങ്കിൽ യുഡിഎഫിന് തിരിച്ചടിയാകും. വലിയ തിരിച്ചടിയോ ചെറുതോ എന്ന് പറയാനില്ല. അൻവറിന് കിട്ടുന്ന വോട്ടു കിട്ടിയാൽ യുഡിഎഫിന് അത് മുതൽക്കൂട്ടാകുമെന്ന് സംശയമില്ലെന്നും സുധാകരൻ കൂട്ടിച്ചേർത്തു.



**വയനാട് ദുരന്തബാധിതർക്കായി ലൈബ്രറികളും വീടും നിർമിക്കുന്നതിനായി ദുരിതാശ്വാസ നിധിയിലേക്കുള്ള 3.41 കോടി രൂപയുടെ ചെക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു**

# മൃഗസംരക്ഷണ മേഖലയിലെ ദുരന്ത നിവാരണത്തിന് ശാസ്ത്രീയമായ തയ്യാറെടുപ്പ് അനിവാര്യം – മന്ത്രി ജെ. ചിഞ്ചുറാണി

കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ അപ്രതീക്ഷിതമായി നമ്മുടെ സംസ്ഥാനത്തെയും മൃഗസംരക്ഷണ മേഖലയെയും വലിയതോതിൽ ബാധിച്ചു വരുന്നെന്നും ഇതിനെ നേരിടുന്നതിനും പ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള ശാസ്ത്രീയമായ തയ്യാറെടുപ്പ് അനിവാര്യമാണെന്നും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി.

മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണ തയ്യാറെടുപ്പും എന്ന വിഷയത്തിൽ തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. 2005ലെ ദുരന്തനിവാരണ നിയമവും കേന്ദ്രസർക്കാരിന്റെ നിയമങ്ങളും അടിസ്ഥാനമാക്കി വിവിധ വകുപ്പുകൾ ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കി സജ്ജമാകേണ്ടത് നിയമപരമായ ബാധ്യതയാണ് മന്ത്രി പറഞ്ഞു. വിവിധ ദുരന്തങ്ങൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ അവ നേരിടാനുള്ള തന്ത്രങ്ങൾ ഇവ വകുപ്പുകളുടെ ആസൂത്രണ പരിപാടികളിലും പദ്ധതികളിലും ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രളയം, ഉരുൾപൊട്ടൽ, പക്ഷിപ്പനിപോലുള്ള മഹാമാരികൾ തുടങ്ങിയ അടിയന്തര സാഹചര്യങ്ങൾ നേരിടാൻ നാം സജ്ജരായിരിക്കണം. ഇതിനാവശ്യമായ ആസൂത്രണങ്ങൾ, പരിശീലനങ്ങൾ, ശേഷിവികസനം ഇവയ്ക്ക് വലിയ മുൻഗണനയാണ് ഈ കാലയളവിൽ സർക്കാർ നൽകി വരുന്നത് മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പിന്തുണയോടെ സംസ്ഥാനതലത്തിൽ ദുരന്തനിവാരണ ആസൂത്രണവും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനും തയ്യാറാക്കിയിട്ടുള്ളതായും വർദ്ധിച്ചുവരുന്ന പ്രകൃതിക്ഷോഭങ്ങൾ കണക്കിലെടുത്ത് അവയെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് കൂടുതൽ കാലികവും വികേന്ദ്രീകൃതമാക്കുന്നത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. സമേതിയുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരുടെയും വിദഗ്ധരുടെയും പങ്കാളിത്തത്തോടെയാണ് ജില്ലാതലത്തിൽ ദുരന്തനിവാരണ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സംഘടിപ്പിച്ചത്.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കാലാവർഷക്കെടുതിയുടെ റിപ്പോർട്ടുകൾ ലഭിച്ചുതുടങ്ങിയിട്ടുണ്ടെന്നും, 2018-ലെ പ്രളയകാലത്ത് ആലപ്പുഴ,കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മൃഗസംരക്ഷണ മേഖലയിൽ കനത്ത നഷ്ടം ഉണ്ടായിട്ടുള്ളതായും മന്ത്രി പറഞ്ഞു. പ്രളയത്തിൽ നിന്ന് രക്ഷപെട്ട പശുക്കളുടെയും മറ്റും മാറ്റി പാർപ്പിക്കൽ, പരിപാലനം, തീറ്റ എത്തിക്കൽ എന്നിവ വലിയ വെല്ലുവിളികളായിരുന്നു.

അതിനാൽ തന്നെ ജില്ലാതലത്തിലും പ്രാദേശികതലത്തിലും ഉരുക്കളെ അടിയന്തിര സാഹചര്യങ്ങളിൽ മാറ്റി പാർപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും, വെറ്ററിനറി സേവനങ്ങൾ ഉറപ്പാക്കുന്നതിനും, തീറ്റയും കുടിവെള്ളവും ഉറപ്പാക്കേണ്ടതും അത്യാവശ്യമാണ്. ഇതിന് ആവശ്യമായ നടപടികൾ ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്വീകരിക്കണമെന്നും ഇതിനാവശ്യമായ പരിശീലനം, പദ്ധതികൾ ശേഷീവികസനം ഇവയും മുൻഗണനയോടെ ഏറ്റെടുക്കണമെന്നും മന്ത്രി പറഞ്ഞു. കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ കഴിയുന്ന സാങ്കേതിക വിദ്യകൾ, ഐലവേറ്റഡ് കാറ്റിൽ ഷെഡുകൾ, ഫോഡർ ബാങ്കുകൾ, മൊബൈൽ സേവനങ്ങൾ, അനിമൽ ഷെൽറ്ററുകൾ, മഹാമാരികളെ നേരിടാനുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകൾ, സൂര്യാഘാതം ഒഴിവാക്കാനുള്ള കർഷിക പരിശീലനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന തന്ത്രങ്ങൾ പ്രാദേശികമായി ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെയും കാലാവസ്ഥാവ്യതിയാനം, ദുരന്തനിവാരണം എന്നി മേഖലകളിലെ വിദഗ്ദ്ധരുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ശില്പശാല വികേന്ദ്രീകൃതമായ ദുരന്തനിവാരണ ആസൂത്രണത്തിനും മുന്നൊരുക്കങ്ങൾക്കും സഹായിക്കും എന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ സമേതി ഡയറക്ടർ മിനി റ്റി,ടോം അഗസ്റ്റിൻ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവിയോൺമെന്റ് & ക്ലൈമറ്റ് ചെയ്ഞ്ച് പ്രതിനിധി മോഹനചന്ദ്രൻ സമേതി ഡെപ്യൂട്ടി ഡയറക്ടർ ഡോ. കവിത എന്നിവർ പങ്കെടുത്തു.



കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വായനാ വസന്തം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# അണ്ണാ സർവകലാശാല പീഡനക്കേസ്; പ്രതി ജ്ഞാനശേഖരൻ കുറ്റക്കാരൻ

ചെന്നൈ: തമിഴ്നാട് അണ്ണാ സർവകലാശാല കാമ്പസിൽ രണ്ടാം വർഷ ബിരുദ വിദ്യാർഥിനി ബലാത്സംഗത്തിനിരയായ സംഭവത്തിൽ പ്രതി ജ്ഞാനശേഖരൻ കുറ്റക്കാരനെന്ന് കോടതി. ചെന്നൈ മഹിളാ കോടതിയുടേതാണ് വിധി.

കേസിൽ തിങ്കളാഴ്ച ശിക്ഷാവിധി പ്രഖ്യാപിക്കും. ബലാത്സംഗം അടക്കം ഇയാൾക്കെതിരേ ചുമത്തിയ 11 കുറ്റങ്ങളും തെളിഞ്ഞു.

2024 ഡിസംബർ 23ന് രാത്രി എട്ടിനാണ് അണ്ണാ സർവകലാശാല കാമ്പസിൽ വിദ്യാർഥിനി ക്രൂരപീഡനത്തിന് ഇരയായത്. ഒപ്പമുണ്ടായിരുന്ന സുഹൃത്തിനെ മർദിച്ച് അവശനാക്കിയതിന് ശേഷം പെൺകുട്ടിയെ വലിച്ചിഴച്ച് കൊണ്ടുപോയി ബലാത്സംഗം ചെയ്യുകയായിരുന്നു.

സംഭവത്തിന് പിന്നാലെ പെൺകുട്ടി സർവകലാശാല അധികൃതർക്കും പോലീസിനും പരാതി നൽകി. ഇതോടെയാണ് സംഭവം പുറംലോകമറിയുന്നത്.

വഴിയോരത്ത് ബിരിയാണി കച്ചവടം നടത്തുന്നയാളാണ് കോട്ടൂർപുരം സ്വദേശിയായ ജ്ഞാനശേഖരൻ(37). ഇയാൾക്കെതിരെ കോട്ടൂർപുരം പോലീസ് സ്റ്റേഷനിൽ വേറേയും കേസുകളുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെയാണ് പ്രതിയെ പിടികൂടിയത്.

# മസ്റ്ററിങ് നടത്തണം

തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുൻഗണനാ കാർഡുകളിൽ e-Kyc മസ്റ്ററിംങ് പൂർത്തിയാക്കാനുള്ള അംഗങ്ങൾ ജൂൺ 2 ന് മുമ്പായി മസ്റ്ററിംങ് നടത്തണം. അല്ലെങ്കിൽ പ്രസ്തുത റേഷൻ കാർഡുകൾ ഇനിയൊരറിയിപ്പു കൂടാതെ തന്നെ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റും.

# മാസപ്പടി കേസ്; എസ്എഫ്ഐഒ കുറ്റപത്രം നൽകില്ലെന്ന ഉറപ്പ് പാലിച്ചില്ലെന്ന് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: സിഎംആർഎൽ-എക്സാലോജിക് മാസപ്പടി ഇടപാടിൽ കേന്ദ്രത്തോട് ചോദ്യങ്ങളുമായി ഡൽഹി ഹൈക്കോടതി. എസ്എഫ്ഐഒ കുറ്റപത്രം നൽകില്ലെന്ന ഉറപ്പ് എന്തുകൊണ്ട് പാലിച്ചില്ലെന്ന് കോടതി ചോദിച്ചു. ജസ്റ്റീസ് സുബ്രഹ്മണ്യൻ പ്രസാദാണ് ഹർജി പരിഗണിച്ചത്. കേസിൽ അന്വേഷണം തുടരുമെങ്കിലും വിചാരണ കോടതിയിൽ കുറ്റപത്രം ഫയൽ ചെയ്യില്ലെന്ന് എസ്എഫ്ഐഒ വാക്കാൽ ഉറപ്പ് നൽകിയിരുന്നു. മുതിർന്ന അഭിഭാഷകർ വാക്കാൽ നൽകുന്ന ഉറപ്പുകൾ കോടതികൾ മുഖവിലയ്ക്ക് എടുക്കാറുണ്ടെന്നും ജസ്റ്റിസ് സുബ്രമണ്യം പ്രസാദ് വ്യക്തമാക്കി. ഇക്കാര്യം രേഖപ്പെടുത്തി വീണ്ടും കേസ് ചീഫ് ജസ്റ്റിസിന് തിരിച്ചയച്ചു. എസ്എഫ്ഐഒ അന്വേഷണം ചോദ്യംചെയ്ത് സിഎംആർഎൽ ഡൽഹി ഹൈക്കോടതിയിൽ നൽകിയ ഹർജി ആദ്യം പരിഗണിച്ചത് ജസ്റ്റിസ് സുബ്രമണ്യം പ്രസാദിന്റെ ബെഞ്ച് ആയിരുന്നു. ഡൽഹി ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജിയിൽ അന്തിമ തീർപ്പ് ഉണ്ടാകുന്നത് വരെ കേസിലെ കുറ്റപത്രം വിചാരണ കോടതിയിൽ ഫയൽ ചെയ്യില്ല എന്ന വാക്കാലുള്ള ഉറപ്പ് എസ്എഫ്ഐഒ യുടെ അഭിഭാഷകർ, ജസ്റ്റിസ് സുബ്രമണ്യം പ്രസാദിന്റെ ബെഞ്ചിന് നൽകിയിരുന്നു എന്നായിരുന്നു സിഎംആർഎല്ലിന്റെ വാദം.എന്നാൽ ഇത്തരം ഒരു ഉറപ്പ് നൽകിയ കാര്യം തങ്ങൾക്ക് അറിയില്ലെന്ന് എസ്എഫ്ഐഒയ്ക്ക് വേണ്ടി ഡൽഹി ഹൈക്കോടതിയിലെ ജസ്റ്റിസ് ഗിരീഷ് കത്പാലിയയുടെ ബെഞ്ചിന് മുമ്പാകെ ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എസ്. വി. രാജുവും അഭിഭാഷകരും പറഞ്ഞിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനാണ് കേസ് ജസ്റ്റിസ് സുബ്രമണ്യം പ്രസാദിന്റെ ബെഞ്ചിന് മുമ്പാകെ ലിസ്റ്റ് ചെയ്തത്.

# കടുത്ത നടപടിയുമായി ട്രംപ് ഭരണകൂടം; വിദേശ വിദ്യാർഥികൾക്കുള്ള വീസ ഇൻറർവ്യൂ മരവിപ്പിച്ചു

വാഷിംഗ്ടൺ: വിദേശ വിദ്യാർഥികൾക്ക് നേരെ കടുത്ത നടപടിയുമായി അമേരിക്ക. വിദേശ വിദ്യാർഥികൾക്കുള്ള വീസ ഇൻറർവ്യൂ ട്രംപ് ഭരണകൂടം മരവിപ്പിച്ചു. എഫ്, എം, ജെ, വീസ അപേക്ഷകർക്കുള്ള ഇന്റർവ്യൂകൾക്കാണ് നടപടി ബാധകമാകുക.

അതേ സമയം നിലവിൽ ഇൻറർവ്യൂ അപ്പോയിൻമെൻറുകൾ ലഭിച്ചവരെ ഇത് ബാധിക്കില്ല. വിദേശകാര്യ സെക്രട്ടറി മാർക്ക് റൂബിയോ കോൺസുലേറ്റുകൾക്ക് അയച്ച ഉത്തരവിലാണ് ഇത് സംബന്ധിച്ച നിർദേശമുള്ളത്.

ഇതിനിടെ, കൂട്ടനാടുകടത്തലുകൾക്കിടെയിൽ ഇന്ത്യക്കാരടക്കമുള്ള വിദേശ വിദ്യാർഥികൾക്ക് ട്രംപ് ഭരണകൂടം ഒരു മുന്നിറിയിപ്പും നൽകി. ക്ലാസുകൾ ഒഴിവാക്കുകയോ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്കും മറ്റ് വിദേശ വിദ്യാർഥികൾക്കും വീസ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും ഭാവിയിൽ യുഎസ് വിസയ്ക്ക് അപേക്ഷിക്കാൻ കഴിഞ്ഞേക്കില്ലെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

# കാറിനുള്ളിൽ ഏഴ് പേർ മരിച്ച നിലയിൽ

ന്യൂഡൽഹി: ഹരിയാനയിലെ പഞ്ച്കുലയിൽ കാറിനുള്ളിൽ ഏഴ് പേരെ മരിച്ച നിലയിൽ കണ്ടെത്തി. ഒരു കുടുംബത്തിലെ ഏഴ് പേരെ ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ഡെറാഡൂൺ സ്വദേശിയായ പ്രവീൺ മിത്തൽ, ഭാര്യ മൂന്ന് മക്കൾ, മിത്തലിന്റെ അമ്മ, അച്ഛൻ എന്നിവരെയാണ് പഞ്ച്കുലയിലെ സെക്ടർ 27 ൽ നിർത്തിയിട്ട കാറിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. സാമ്പത്തിക പ്രതിസന്ധി കാരണം കുടുംബം ഒന്നടങ്കം വിഷം കഴിച്ച് ആത്മഹത്യ ചെയ്തതാണെന്നാണ് പ്രാഥമിക നിഗമനം. പഞ്ച്കുലയിൽ ഒരു ക്ഷേത്രത്തിലെ ചടങ്ങിൽ പങ്കെടുത്ത ശേഷം കഴിഞ്ഞ ദിവസം രാത്രിയാണ് കുടുംബം ഇവിടെയെത്തിയത്.

# കുതിപ്പിനിടെ തകർന്നു; സ്പേസ് എക്സ് സ്റ്റാർഷിപ്പിന്റെ ഒന്പതാം വിക്ഷേപണവും പരാജയം

വാഷിംഗ്ടൺ ഡിസി: ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേസ് എക്സ് സ്റ്റാർഷിപ്പിന്റെ ഒമ്പതാമത്തെ പരീക്ഷണ വിക്ഷേപണവും ലക്ഷ്യം കണ്ടില്ല. ഇന്ത്യൻ സമയം ഇന്നു പുലർച്ചെ അഞ്ചിന് സൗത്ത് ടെക്സസിലെ ബോക്കാ ചിക്കയിലുള്ള സ്റ്റാർബേസിൽ നിന്നു കുതിച്ചുയർന്ന സ്റ്റാർഷിപ്പ്, ലക്ഷ്യത്തിൽ എത്തും മുൻപ് തകർന്നെന്ന് സ്പേസ് എക്സ് അറിയിച്ചു. ഇന്ത്യൻ മഹാസമുദ്രത്തിലാണ് സ്റ്റാർഷിപ്പ് പതിച്ചത്. ലാൻഡിംഗിനു മുമ്പ് നിയന്ത്രണം നഷ്ടപ്പെടുകയാണെന്നും ഇന്ധന ചോർച്ചയാണ് കാരണമെന്നാണ് പ്രാഥമിക നിഗമനമെന്നും സ്പേസ് എക്സ് വ്യക്തമാക്കി. അതേസമയം ഇത് തിരിച്ചടി അല്ലെന്നും വിക്ഷേപണം സുഗമമായിരുന്നുവെന്നും സ്പേസ് എക്സ് പറഞ്ഞു.

2025 ജനുവരിയിൽ നടന്ന ഏഴാം സ്റ്റാർഷിപ്പ് വിക്ഷേപണ പരീക്ഷണവും മാർച്ച് ആറിനെ എട്ടാം പരീക്ഷണവും സ്പേസ് എക്സിന് വിജയിപ്പിക്കാനായിരുന്നില്ല. മനുഷ്യൻ ഇതുവരെ നിർമിച്ച ഏറ്റവും വലിയ റോക്കറ്റാണ് സ്പേസ് എക്സിന്റെ സ്റ്റാർഷിപ്പ്. 121 മീറ്ററാണ് സ്റ്റാർഷിപ്പ് മെഗാ റോക്കറ്റിന്റെ ആകെ ഉയരം. പുനരുപയോഗിക്കാൻ കഴിയുന്ന സ്റ്റാർഷിപ്പ് റോക്കറ്റ്, ചൊവ്വയിലേക്കും ചന്ദ്രനിലേക്കുമുള്ള യാത്രകൾക്കായാണു തയാറാക്കുന്നത്.



മുനമ്പം കമ്മീഷൻ റിപ്പോർട്ട് ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.

# കാലത്തിനനുസരിച്ച് തൊഴിൽമേഖല പരിഷ്കരിച്ചാൽ മാത്രമേ അതിജീവനം സാധ്യമാകൂ: മന്ത്രി വി. ശിവൻകുട്ടി

## ചുമട്ടുതൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡും ക്ഷേമാനുകൂല്യ വിതരണവും മന്ത്രി നിർവഹിച്ചു

തൊഴിലാളി മേഖല ഗുരുതരവും സങ്കീർണവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നതെന്നും

മാറുന്ന കാലത്തിന് അനുസരിച്ച് സ്വയം പരിഷ്കരിക്കുവാനും പരിണമിക്കുവാനും ശ്രമിച്ചാൽ മാത്രമേ അതിജീവനം സാധിക്കൂവെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. തൈക്കാട് പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിൽ നടന്ന ചുമട്ടു തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡിന്റെയും തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമാനുകൂല്യ വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൊഴിലാളി വർഗത്തിന്റെ ശക്തിയാണ് ചുമട്ടു തൊഴിലാളി യൂണിയനെന്നും സംസ്ഥാനമാകെ വ്യാപിച്ചു കിടക്കുന്ന വിപുലമായ ഒരു തൊഴിൽ മേഖലയാണ് ചുമട്ടു തൊഴിലാളി മേഖലയെന്നും മന്ത്രി പറഞ്ഞു. നിലവിലെ തൊഴിൽ സാഹചര്യങ്ങൾക്ക് അനുസരിച്ച് ചുമട്ടു തൊഴിലാളി മേഖലയെ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വന്നിരിക്കുകയാണ്. ആ തിരിച്ചറിവ് ക്ഷേമനിധി ബോർഡിന് ഉണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ചെയ്യാതെ കൂലി വാങ്ങുന്ന സമ്പ്രദായം തൊഴിലാളി വർഗ്ഗത്തിന് തന്നെ അപമാനം ഉണ്ടാക്കുന്നു. ഇത് ആകെയുള്ള ചുമട്ടു തൊഴിലാളികളുടെ വളരെ ഒരു ചെറിയ വിഭാഗത്തിൽ നിന്നും മാത്രം വല്ലപ്പോഴുമുണ്ടാകുന്ന ഒരു പ്രവണതയാണ്. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെ പെരുപ്പിച്ചു കാണിച്ച് ചുമട്ടു തൊഴിലാളികളെ ആകെ മോശക്കാരാക്കാനുള്ള പ്രചാരണ വേലകളാണ് ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണ്ടാകുന്നതെന്നും മന്ത്രി പറഞ്ഞു.

നവശക്തി എന്ന പേരിൽ യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകി വരികയാണ്. സംസ്ഥാനത്തെ ചുമട്ടു തൊഴിലാളികൾ ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെ നിരന്തരമായ ഇടപെടലിന്റെയും പരിശ്രമത്തിന്റെയും സാമൂഹിക ഉത്തരവാദിത്തം നിർവ്വഹിച്ചുകൊണ്ട് തൊഴിൽ ചെയ്യുന്ന ഒരു വിഭാഗമായി മാറിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ആഹ്വാനം അനുസരിച്ച് സാമൂഹിക പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും നല്ല തോതിൽ ഇടപെടുന്നവരാണ് സംസ്ഥാനത്തെ ചുമട്ടു തൊഴിലാളികളും അവരുടെ സംഘടനകളും എന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ഒരു പുത്തൻ തൊഴിൽ സൗഹൃദ സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭക്ക് കീഴിൽ പുതുതായി 100 പ്രദേശങ്ങളെ ചുമട്ടു തൊഴിലാളി തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതിയിൽ ഉൾപ്പെടുത്തി ചരിത്രം കുറിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള പ്രശാന്ത് നഗർ, പുലയനാർകോട്ട, വിഴിഞ്ഞം തിയേറ്റർ ജംഗ്ഷൻ, വെങ്ങാനൂർ, പനങ്ങോട്, മുക്കോല, മംഗലത്തുകോണം, പൂമല്ലിയൂർകോണം, ഇടത്തറ, മേലത്തുമേലെ, കൊച്ചുള്ളൂർ, ആനന്ദവല്ലീശ്വരം, തൃക്കണ്ണാപുരം, കൊടുങ്ങാനൂർ, എസ്.എം ലോക്ക് ജംഗ്ഷൻ, നെല്ലിവിള പ്രദേശങ്ങളിൽ പദ്ധതി വ്യാപനവും 170 -ഓളം തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണവും തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമാനുകൂല്യ വിതരണവും നടപ്പാക്കി.ചടങ്ങിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചെയർമാൻ ആർ.രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. ബോർഡ് അംഗം ആർ.എച്ച്. ബൈജു, വിവിധ ചുമട്ടുതൊഴിലാളി സംഘടന നേതാക്കളായ സി. ജയൻബാബു, വി.ആർ. പ്രതാപൻ, ഇ.വി. ആനന്ദ് എന്നിവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES KERALA







സർവ വിജ്ഞാന കോശം 19-ാം വാല്യത്തിന്റെ പ്രകാശനം മന്ത്രിമാരായ സജി ചെറിയാനും ഡോ. ആർ ബിന്ദുവും ഗായകൻ കെ ജി മാർക്കോസിന് നൽകി നിർവഹിക്കുന്നു.

# മാനേജരെ മർദിച്ചെന്ന കേസ്: നടൻ ഉണ്ണി മുകുന്ദന്റെ മൊഴിയെടുക്കാൻ പോലീസ്

കൊച്ചി: മാനേജരെ മർദിച്ചെന്ന കേസിൽ നടൻ ഉണ്ണി മുകുന്ദന്റെ മൊഴിയെടുക്കാനൊരുങ്ങി പോലീസ്. സംഭവത്തിൽ സിസിടിവി ദൃശ്യങ്ങളുടെ പരിശോധന പൂർത്തിയായതായി ഇൻഫോപാർക്ക് പോലീസ് പറഞ്ഞു. നടൻ ടൊവിനോ തോമസ് നായകനായ നരിവേട്ട എന്ന സിനിമയെ പ്രശംസിച്ച് സമൂഹമാധ്യമത്തിൽ പോസ്റ്റിട്ടതിന് ഉണ്ണി മുകുന്ദൻ തന്നെ മർദിക്കുകയും, അസഭ്യം പറയുകയും ചെയ്തതായാണ് നടന്റെ മാനേജർ വിപിൻ കുമാർ ഇൻഫോപാർക്ക് പോലീസിൽ പരാതി നൽകിയത്.

ഇതിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തെങ്കിലും മർദിച്ചതായി തെളിവില്ലെന്നാണ് സൂചന. തിങ്കളാഴ്ച രാത്രിയാണ് വിപിൻ പരാതിയുമായി ഇൻഫോപാർക്ക് പോലീസിനെ സമീപിച്ചത്. രാത്രി തന്നെ ഇദ്ദേഹത്തിന്റെ മൊഴി പോലീസ് രേഖപ്പെടുത്തി.

തുടർന്ന് ഇന്നലെ കേസ് രജിസ്റ്റർ ചെയ്തു. വിപിൻ നൽകിയ മൊഴി പ്രകാരം ഇദ്ദേഹം താമസിക്കുന്ന ഫ്ളാറ്റിലെത്തി സിസിടിവി ദൃശ്യങ്ങൾ പോലീസ് വിശദമായി പരിശോധിച്ചെങ്കിലും നടൻ കൈയേറ്റം ചെയ്യുന്ന ദൃശ്യങ്ങൾ കണ്ടെത്താനായില്ലെന്നാണ് ലഭ്യമാകുന്ന വിവരം. തിങ്കളാഴ്ച രാവിലെ തന്റെ ഫ്ളാറ്റിൽ നിന്നും പാർക്കിംഗ് ഏരിയയിലേക്ക് വിളിച്ച് വരുത്തി നടൻ മർദിച്ചതായാണ് വിപിൻ കുമാർ മൊഴി നൽകിയിരുന്നത്.

മുൻകൂർ ജാമ്യഹർജിയുമായി നടൻ മാനേജരെ മർദിച്ചെന്ന കേസിൽ നടൻ ഉണ്ണി മുകുൻ നൽകിയ മുൻകൂർ ജാമ്യഹർജി കോടതി ഇന്ന് പരിഗണിച്ചേക്കും. എറണാകുളം സെഷൻസ് കോടതിയിലാണ് ഹർജി നൽകിയത്. പരാതിക്കാരൻ ഉന്നയിക്കുന്ന ആരോപണങ്ങൾ വാസ്തവവിരുദ്ധമാണെന്ന് ഹർജിയിൽ പറയുന്നു. ആസൂത്രിതമായ ഗൂഢാലോചനയുടെ ഭാഗമാണ് പരാതി. പരാതിക്കാരൻ മുമ്പ് തന്റെയൊപ്പം ജോലി ചെയ്തിരുന്നു. എന്നാൽ തന്റെ പേര് ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പിരിച്ചുവിട്ടു. അതിന്റെ പ്രതികാരമാണ് ഈ പരാതി. തനിക്കെതിരേ തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുകയാണ്. ശാരീരികമായി ഉപദ്രവിച്ചുവെന്നത് വാസ്തവവിരുദ്ധമായ കാര്യമാണെന്നും ഹർജിയിൽ പറയുന്നു. താനും ടോവിനോ തോമസും തമ്മിൽ നല്ല ബന്ധമാണുള്ളതെന്നും തന്നെ മോശക്കാരനാക്കി ചിത്രീകരിക്കാനാണ് വിപിൻ ശ്രമിച്ചതെന്നും ഉണ്ണി മുകുന്ദൻ പറയുന്നു. പരാതി ഫെഫ്ക സ്റ്റിയറിംഗ് കമ്മിറ്റി പരിശോധിക്കും ഉണ്ണി മുകുന്ദനുമായി സംസാരിച്ചു, വിശദാംശങ്ങൾ പരിശോധിച്ചു കൂടുതൽ പ്രതികരിക്കാമെന്ന് ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ പറഞ്ഞു. പരാതി ഫെഫ്ക പരിശോധിച്ച് നടപടിയെടുക്കും. ഇതിനായി സ്റ്റിയറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. രണ്ടു ദിവസത്തിനകം റിപ്പോർട്ട് ലഭിക്കും. പരാതിക്കാരൻ ഫെഫ്കയിലെ അംഗമാണ്. വിശദാംശങ്ങൾ പരിശോധിച്ച ശേഷം പ്രതികരിക്കാമെന്ന് ഉണ്ണികൃഷ്ണൻ പറഞ്ഞു.

## ഇടുക്കിയിൽ 65 കാരനെ കൊലപ്പെടുത്തിയത് മകൻ; പ്രകോപനമായത് ബൈക്കിന്റെ സിസി അടക്കാൻ 1,500 രൂപ നൽകാതിരുന്നത്

ഇടുക്കി: വണ്ടിപ്പെരിയാർ കന്നിമാർ ചോലയിൽ വയോധികനെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ വഴിത്തിരിവ്. കന്നിമാർ ചോല പുതുപ്പറമ്പിൽ മോഹനനാണ് (65) മരിച്ചത്. മരണം കൊലപാതകമാണെന്ന് കണ്ടെത്തിയതിനു പിന്നാലെ ഇയാളുടെ മകൻ വിഷ്ണു (26) വിനെ പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു

ബൈക്കിന്റെ സിസി അടക്കാൻ 1,500 രൂപ ആവശ്യപ്പെട്ടുണ്ടായ തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പോലീസ് പറഞ്ഞു. ഞായറാഴ്ച ഉച്ചയോടെയായിരുന്നു സംഭവം. മദ്യലഹരിയിൽ വീട്ടിലെത്തിയ വിഷ്ണു മോഹനനോട് ബൈക്കിന്റെ സിസി അടക്കാൻ 1,500 രൂപ ആവശ്യപ്പെട്ടു.

ഇതിനെ ചൊല്ലി ഇരുവരും തമ്മിൽ തർക്കമായി. തർക്കം കൈയാങ്കളിയിലേക്കെത്തിയെങ്കിലും ഈ സമയം മോഹനന്റെ ഭാര്യ കുമാരി എത്തുകയും ഇരുവരെയും സമാധാനിപ്പിച്ച ശേഷം കുളിക്കാനായി പോവുകയും ചെയ്തു.

കുമാരി മടങ്ങിയെത്തിയപ്പോൾ മോഹനൻ അനക്കമില്ലാതെ കിടക്കുകയായിരുന്നു. വഴക്കിനിടയിൽ മോഹനൻ വീണുപോയെന്നും എന്താണ് സംഭവിച്ചതെന്ന് അറിയില്ലെന്നുമായിരുന്നു വിഷ്ണു പറഞ്ഞത്.

കുമാരി ഉടൻ മകളെയും ഭർത്താവിനെയും വിളിച്ചു വരുത്തി മോഹനനെ ആശുപത്രിയിലെത്തിക്കാൻ ശ്രമിച്ചെങ്കിലും വിഷ്ണു തടഞ്ഞു. ഇതിനിടെ സ്ഥലത്തെത്തിയ നാട്ടുകാർ മോഹനനെ കിടത്തിയിരുന്ന കട്ടിലിനു താഴെ രക്തം തളം കെട്ടിക്കിടക്കുന്നതും ഇത് തുണികൊണ്ട് മൂടിയിരിക്കുന്നതും കണ്ടു.

ഇതോടെ സംശയം തോന്നിയ നാട്ടുകാർ വിവരം പൊലീസിനെ അറിയിക്കുകയായിരുന്നു. സ്ഥലത്തെത്തിയ പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു. തുടർന്ന് പോസ്റ്റ്മോർട്ടത്തിൽ തലയ്ക്ക് അടിയേറ്റതായി വ്യക്തമായതോടെ വിഷ്ണുവിനെ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തു. ഇതോടെയാണ് കൊലപാതക വിവരം പുറത്തുവരുന്നത്.

തർക്കത്തിനിടെ വീടിനുള്ളിലെ കോൺക്രീറ്റ് സ്ലാബിൽ അച്ഛന്റെ തല നാലു തവണ ഇടിച്ചുവെന്ന് വിഷ്ണു വെളിപ്പെടുത്തി. തുടർന്ന് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. വണ്ടിപ്പെരിയാർ സർക്കിൾ ഇൻസ്പെക്ടർ ഡി. സുവർണ കുമാറിന്റെ നേതൃത്വത്തിലായിരുന്നു അന്വേഷണം. ഇയാളെ സംഭവസ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തി. ഇന്ന് കോടതിയിൽ ഹാജരാക്കും.

## അൻവറുമായി സംസാരിച്ചു, ശുഭകരമായ തീരുമാനത്തിലെത്തും: രമേശ് ചെന്നിത്തല

തിരുവനന്തപുരം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ സ്ഥാനാർഥി നിർണയത്തിനു പിന്നാലെ യുഡിഎഫിനെതിരേ വിമർശനമുന്നയിച്ച പി. വി. അൻവറുമായി സംസാരിച്ചെന്ന് രമേശ് ചെന്നിത്തല. ശുഭകരമായ തീരുമാനത്തിലെത്തുമെന്നും എൽഡിഎഫിനെ പരാജയപ്പെടുത്താൻ ആഗ്രഹിക്കുന്നവരെ ഒരുമിച്ച് നിർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു ഘടകകക്ഷിയെ മുന്നണിയിലെടുക്കുമ്പോൾ ചില ഫോർമാലിറ്റീസുണ്ട്. താൻ പറയുന്നതും പ്രതിപക്ഷ നേതാവ് പറയുന്നതും ഒരേ കാര്യമാണ്. അന്തിമതീരുമാനം എടുക്കാൻ പ്രതിപക്ഷനേതാവിനെ യുഡിഎഫ് ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ചില കാലതാമസം സ്വാഭാവികമാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് വിജയിക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിലുണ്ടായ വീഴ്ചകൾ പരിഹരിച്ച് ഒറ്റക്കെട്ടായാണ് സ്ഥാനാർഥിയെ തീരുമാനിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'അഹങ്കാരമല്ല, ലളിതമായ ഭാഷയിൽ പറഞ്ഞതാണ്'; അൻവർ നിലപാട് വ്യക്തമാക്കണം: വി. ഡി. സതീശൻ

## എട്ടാം ക്ലാസ് വിദ്യാർഥിയെ കാണാതായ സംഭവം; ഒപ്പമുണ്ടായിരുന്നയാൾക്കെതിരേ പോക്സോ കേസ്

കൊച്ചി: ഇടപ്പള്ളിയിൽ നിന്ന് കാണാതായ 13 വയസുകാരനെ കണ്ടെത്തിയതിന് പിന്നാലെ ഒപ്പമുണ്ടായിരുന്ന ആൾക്കെതിരേ പോക്സോ കേസെടുത്തു. കുട്ടിയെ കണ്ടെത്തിയപ്പോൾ ഒപ്പമുണ്ടായിരുന്ന കൈനോട്ടക്കാരൻ ശശികുമാറിനെതിരെയാണ് കേസെടുത്തത്. ഇയാളെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

തൊടുപുഴയിൽ എത്തിയ കുട്ടിയെ ശശികുമാർ വീട്ടിലേക്കു കൊണ്ടുപോയി. ഇയാൾ കുട്ടിയെ ഉപദ്രവിക്കാൻ ശ്രമിച്ചുവെന്നാണ് പോലീസ് അറിയിച്ചത്. കുട്ടി ഒപ്പമുണ്ടെന്ന് പിതാവിനെ ഫോണിൽവിളിച്ച് അറിയിച്ചതും ശശികുമാറാണ്. തുടർന്നാണ് പോലീസും പിതാവും തൊടുപുഴ ബസ് സ്റ്റാൻഡിലെത്തിയത്. ഇടപ്പള്ളിയിലെ സ്വകാര്യ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിയാണു കുട്ടി.

ചൊവ്വാഴ്ച രാവിലെ പരീക്ഷയെഴുതാൻ പോയ കുട്ടി രാത്രി വൈകിയും വീട്ടിൽ തിരിച്ചെത്തിയില്ല. കുടുംബം എളമക്കര പോലീസിൽ പരാതി നൽകിയതോടെയാണ് അന്വേഷണം ഊർജിതമാക്കിയത്.

നഗരത്തിലുടനീളം തിരച്ചിൽ നടത്തിയെങ്കിലും കുട്ടിയെ കണ്ടെത്താനായിരുന്നില്ല. ഇടപ്പള്ളി ലുലു മാളിനു സമീപത്തെ വഴിയിലൂടെ കുട്ടി നടന്നുപോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിരുന്നു. രാത്രി മുഴുവൻ നടത്തിയ അന്വേഷണത്തിനൊടുവിൽ ഇന്ന് രാവിലെയാണ് തൊടുപുഴ ബസ് സ്റ്റാൻഡിയിൽനിന്നു കുട്ടിയെ കണ്ടെത്തിയത്.

## വസ്ത്രാക്ഷേപം നടത്തി, ചെളിവാരിയെറിഞ്ഞു, ദയാവധത്തിന് വിട്ടു; ഇനി പ്രതീക്ഷ കെ. സിയിൽ: തുറന്നടിച്ച് അൻവർ

മലപ്പുറം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ സ്ഥാനാർഥി പ്രഖ്യാപനത്തിനു പിന്നാലെ യുഡിഎഫിനെതിരേ കടുത്ത വിമർശനവുമായി പി. വി. അൻവർ.ഇന്നലെ തന്നെ വസ്ത്രാക്ഷേപം നടത്തി തെരുവിലേക്ക് ദയാവധത്തിന് വിട്ടുകൊടുക്കുകയായിരുന്നുവെന്നും ഇന്ന് മുഖത്ത് ചെളിവാരി എറിയുകയാണെന്നും അൻവർ തുറന്നടിച്ചു. ജനങ്ങൾക്ക് വേണ്ടി സംസാരിക്കുമ്പോൾ താൻ അധികപ്രസംഗിയാണ്. കാലുപിടിക്കുമ്പോൾ മുഖത്ത് ചവിട്ടുകയാണ്. കത്രികപ്പൂട്ടിട്ട് പൂട്ടാൻ നോക്കുകയാണ്. ഇനി കാലുപിടിക്കാനില്ല. പ്രതിപക്ഷ നേതാവിനെ ചിലർ തെറ്റിദ്ധരിപ്പിക്കുകയാണ്. അ ക്കാര്യങ്ങൾ വെളിപ്പെടുത്തേണ്ടിവരും. മുസ്ലിം ലീഗ് നേതാക്കളായ പാണക്കാട് തങ്ങളും പി. കെ. കുഞ്ഞാലിക്കുട്ടിയും തനിക്ക് വേണ്ടി ഇടപെട്ടു. തന്നെ യുഡിഎഫിലേക്ക് ക്ഷണിച്ചത് അവർ ഇരുവരുമാണ്. എന്നാൽ വി. ഡി. സതീശൻ അടക്കം മുഖംതിരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാലിലാണ് ഇനി പ്രതീക്ഷയെന്നും അൻവർ പറഞ്ഞു. തൃണമൂൽ കോൺഗ്രസിനെ മുന്നണിയിലെടുക്കാത്തതിലുള്ള അതൃപ്തി പ്രകടിപ്പിച്ച അൻവർ, യുഡിഎഫിന്റെ ഭാഗമാക്കിയിരുന്നെങ്കിൽ ഏതു വടിയെ നിർത്തിയാലും പിന്തുണക്കുമായിരുന്നുവെന്നും പറഞ്ഞു. താൻ ചെയ്ത കുറ്റം എന്താണ്. ഈ സർക്കാരിനെ താഴെയിറക്കാൻ ആരുടെ കാലാണ് പിടിക്കേണ്ടതെന്നും പി. വി. അൻവർ ചോദിച്ചു. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥിയായി ആര്യാടൻ ഷൗക്കത്തിനെ പ്രഖ്യാപിച്ചതിന് പിന്നാലെയുണ്ടായ ചർച്ചകൾക്കും അനുനയ നീക്കത്തിനുമൊടുവിലാണ് കോൺഗ്രസ് നേതാക്കൾക്കെതിരെ രൂക്ഷ വിമർശനവുമായി അൻവർ രംഗത്തെത്തിയത്.

## സുസ്ഥിര വികസനത്തിന് ഡാറ്റാ വിശകലനം പ്രധാനം : മന്ത്രി കെ എൻ ബാലഗോപാൽ

സുസ്ഥിരവും ഫലപ്രദവുമായ സാമൂഹ്യ വികസനത്തിന് ഡാറ്റകളുടെ കൃത്യമായ പഠനവും വിശകലനവും പ്രധാനമാണെന്ന് ധന വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. സംസ്ഥാന പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സംഘടിപ്പിച്ച സുസ്ഥിര കേരളം ശിൽപ്പശാല എസ് പി ഗ്രാൻഡ് ഡെയ്സ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനം വികസന ലക്ഷ്യങ്ങൾ നേടുവാൻ ചെയ്യുന്ന കാര്യങ്ങൾ രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഭരണപരമായ നടപടികളുമായി മുന്നോട്ടു പോകുന്നതിനു വിവിധ സംസ്ഥാനങ്ങൾ തമ്മിലുള്ളതും, സംസ്ഥാനത്തിലെ പല കാലഘട്ടങ്ങളിലുള്ള സ്ഥിതികൾ തമ്മിലുള്ള താരതമ്യ പഠനവും വേണം. ഇതുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി ഡാഷ്ബോർഡിൽ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കണം. വിശകലനത്തിനും സമൂഹത്തിനു മുന്നിൽ വിവരങ്ങൾ അവതരിപ്പിക്കുന്നതിനും ഇത് ഉപകാരപ്പെടും. കേന്ദ്ര പദ്ധതികളും സ്കീമുകളും സംസ്ഥാനത്തിന് ലഭിക്കുന്നതിന് സമയബന്ധിതമായി നടപടിക്രമങ്ങൾ മനസിലാക്കി പ്രവർത്തിക്കാൻ കഴിയണമെന്ന് മന്ത്രി പറഞ്ഞു.വളർച്ചയും സമഗ്രമായ വികസനവും ഒരുപോലെ മുൻനിർത്തി കേരളം സുസ്ഥിര വികസനത്തിന്റെ മികച്ച മാതൃക സൃഷ്ടിക്കുകയാണ്. എസ് ഡി ജി ഇന്ത്യഇൻഡക്സ് 2023-24-ൽ ഏറ്റവുമുയർന്ന സ്ഥാനത്തേക്കെത്തിയ കേരളത്തിന്റെ നേട്ടം സാമൂഹിക സാമ്പത്തിക പരിസ്ഥിതി സംരക്ഷണ വികസന മാർഗരേഖയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളം മുന്നിലാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുന്ന ശക്തമായ സമൂഹാധിഷ്ഠിത മാതൃകയാണ് സംസ്ഥാനം ഉപയോഗിക്കുന്നതെന്നും മന്ത്രി പറഞ്ഞു.പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ശിൽപ്പശാലയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ വകുപ്പിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കു പ്രയോജനകരമാകട്ടെ എന്ന് മന്ത്രി ആശംസിച്ചു.സുസ്ഥിര കേരളം റിപ്പോർട്ട് മന്ത്രി പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറി എസ് ഹരികിഷോറിനു നൽകി പ്രകാശനം ചെയ്തു. വകുപ്പ് ഡയറക്ടർ മുഹമ്മദ് ഷഫീക്, സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർപേഴ്സൺ പ്രൊഫ. വി കെ രാമചന്ദ്രൻ, കില ഡയറക്ടർ എ നിസാമുദീൻ, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ബി ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## കീഴടങ്ങി ഒത്തുതീർപ്പിനില്ലെന്ന് കോൺഗ്രസ്; അൻവറിന്റെ നിലപാടിൽ അതൃപ്തി,സതീശനൊപ്പം അണിനിരന്ന് നേതാക്കൾ

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെ ഉന്നമിട്ട് മുൻ എംഎൽഎ പി. വി. അൻവർ നടത്തിയ പരസ്യവിമർശനത്തിൽ അതൃപ്തി പ്രകടിപ്പിച്ച് കോൺഗ്രസ്. സതീശനെ ലക്ഷ്യമിടുന്നത് അൻവറിന്റെ തന്ത്രമാണെന്നാണ് കോൺഗ്രസ് വിലയിരുത്തുന്നത്. കോൺഗ്രസ് കീഴടങ്ങിയെന്ന് വരുന്ന ഒരു ഒത്തുതീർപ്പും വേണ്ടെന്ന തീരുമാനത്തിലാണ് നേതാക്കൾ. യുഡിഎഫിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയും പാർട്ടിയും പരസ്യമായി എതിർപ്പ് അറിയിക്കുന്നത് എങ്ങനെ അംഗീകരിക്കുമെന്നാണ് കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് പ്രതികരിച്ചത്. യുഡിഎഫിന്റെ നിലപാടുകളുമായി യോജിക്കാൻ അൻവറിന് കഴിയണം. അൻവർ ഉന്നയിച്ച എല്ലാ ആരോപണങ്ങൾക്കും മറുപടി നൽകാൻ ഉദ്ദേശിക്കുന്നില്ലെന്നും ആരോപണങ്ങൾ ജനങ്ങൾ വിലയിരുത്തട്ടെയെന്നും സണ്ണി ജോസഫ് പറഞ്ഞു.

യുഡിഎഫ് സ്ഥാനാർഥിക്ക് പിന്തുണ പ്രഖ്യാപിക്കുകയാണ് പി. വി. അൻവർ ചെയ്യേണ്ടതെന്നാണ് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ പ്രതികരിച്ചത്. യുഡിഎഫിൽ ചേരാൻ ആഗ്രഹിക്കുന്നവർ യുഡിഎഫിനെ കുറ്റം പറഞ്ഞാൽ എങ്ങനെയാണ്. അൻവർ ആദ്യം യുഡിഎഫിനും ആര്യാടൻ ഷൗക്കത്തിനും പിന്തുണ പ്രഖ്യാപിക്കട്ടെയെന്നും ബാക്കി കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാമെന്നുമെന്നും മുരളീധരൻ പറഞ്ഞു.

തെരഞ്ഞെടുപ്പ് രംഗത്ത് അൻവർ വിലപേശലുമായി വരുന്നത് ആരോഗ്യകരമായ നല്ല ലക്ഷണമല്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് വി. എം. സുധീരൻ. പ്രതികരിച്ചു. ആ തിരിച്ചറിവ് അൻവറിന് ഉണ്ടാകട്ടെയെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇടതുപാളയത്തിൽ നിന്ന് പുറത്തുവന്ന അൻവറിനോട് അനുഭാവം പുലർത്തിയിരുന്ന നേതാക്കൾ വരെ ഇന്ന് അൻവറിന്റെ നിലപാടിനോട് അതൃപ്തി പ്രകടിപ്പിച്ച് രംഗത്തെത്തിയെന്നത് ശ്രദ്ധേയമാണ്. ഉപതെരഞ്ഞെടുപ്പിന് തയാറെടുക്കുന്ന സാഹചര്യത്തിൽ നേതാക്കൾ ഭിന്നതകളെല്ലാം മാറ്റിവച്ച് വി. ഡി. സതീശന്റെ പിന്നിൽ അണിനിരക്കുന്നത് ശുഭസൂചനയായാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്.

## മട്ടന്നൂരിൽ ദമ്പതികൾ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ

കണ്ണൂർ: മട്ടന്നൂരിൽ ദമ്പതികളെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കൊടോളിപ്രം സ്വദേശി ബാബു, ഭാര്യ സജിത എന്നിവരാണ് മരിച്ചത്. ഇന്ന് ഉച്ചയോടെയാണ് ഇരുവരേയും മരിച്ച നിലയിൽ കണ്ടെത്തിയത്. പോലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി.

കടബാധ്യതയെ തുടർന്നാണ് ഇരുവരും ജീവനൊടുക്കിയതെന്നാണ് സംശയം. സാമ്പത്തിക പ്രതിസന്ധി മൂലം ഇവർ വീട് വില്പനയ്ക്ക് വച്ചിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു.

(ശ്രദ്ധിക്കുക. . . ആത്മഹത്യ ഒന്നിനും പരിഹാരമല്ല. അതിജീവിക്കാൻ ശ്രമിക്കുക. മാനസികാരോഗ്യ വിദഗ്ധരുടെ സഹായം തേടുക. അത്തരം ചിന്തകളുള്ളപ്പോൾ 'ദിശ' ഹെൽപ്ലൈനിൽ വിളിക്കുക. ടോൾഫ്രീ നമ്പർ: 1056,0471-2552056)



സുസ്ഥിര കേരളം ശിൽപ്പശാല മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.